# തൊഴിൽ

# എസ്ബിഐയിൽ 217 സ്പെഷ്യലിസ്റ്റ് ഓഫീസർ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ സ്പെഷ്യലിസ്റ്റ് കേഡർ ഓഫീസർ തസ്തികയിൽ 217 ഒഴിവുണ്ട്. 182 ഒഴിവുകളിൽ സ്ഥിര നിയമനവും 35 ഒഴിവുകളിൽ കരാർ നിയമനവുമാണ്. നവി മുംബൈ, ഹൈദരാബാദ് എന്നിവിടങ്ങളിലാണ് അവസരം.

വിവിധ വിഭാഗങ്ങളിലായി മാനേജർ, ഡെപ്യൂട്ടി മാനേജർ, അസിസ്റ്റന്റ് മാനേജർ എന്നിവയിലാണ് സ്ഥിര നിയമനം. അസിസ്റ്റന്റ് വിപി, സീനിയർ സ്പെഷ്യൽ എക്സിക്യൂട്ടീവ്, സീനിയർ എക്സിക്യൂട്ടീവ് തസ്തികകളിലാണ് കരാർ നിയമനം. ബിഇ/ ബിടെക്, എംസിഎ/ എംടെക്/ എംഎസ്സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 19. വിശദവിവരങ്ങൾക്ക് www.sbi.co.in കാണുക.



## ആയുഷ് മിഷനിൽ 520 മൾട്ടി പർപ്പസ് വർക്കർ

നാഷണൽ ആയുഷ്മിഷൻ കേരളയിൽ മൾട്ടി പർപ്പസ് വർക്കർ തസ്തികയിൽ 520 ഒഴിവുണ്ട്. കരാർ നിയമനമാണ്. വിവിധ ജില്ലകളിലെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളിലാണ് നിയമനം. സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേനയാണ് തെരഞ്ഞെടുപ്പ്. തിരുവനന്തപുരം–44, കൊല്ലം –37, പത്തനംതിട്ട –39, ആലപ്പുഴ –36, കോട്ടയം– 36, ഇടുക്കി–32, എറണാകുളം–35, തൃശൂർ –38, പാലക്കാട് –37, മലപ്പുറം – 37, കോഴിക്കോട് –37, വയനാട് –35, കണ്ണൂർ –44, കാസർകോട് –33 എന്നിങ്ങനെയാണ് അവസരം.

ജനറൽ നഴ്സിങ് ആൻഡ് മിഡ് വൈഫറി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായം 40 കവിയരുത്. അപേക്ഷിക്കേണ്ട അവസാന തീയതി മെയ് 15. വിശദവിവരങ്ങൾക്ക് www.kcmd.in കാണുക.

## സൗദി അറേബ്യയിൽ നഴ്സ്

കേരള സർക്കാർ സ്ഥാപനമായ ഒഡെപെക് മുഖേന സൗദി അറേബ്യയിലെ സ്വകാര്യ ഹെൽത്ത് കെയർ ഗ്രൂപ്പിൽ നഴ്സുമാരുടെ ഒഴിവിലേക്ക് അപേക്ഷിക്കാം. ഐസിയു/ എമർജൻസി വിഭാഗത്തിൽ പുരുഷ നഴ്സുമാരുടെ ഒഴിവാണുള്ളത്. ബിഎസ്സി/ പിബിബിഎസ്സി/എംഎസ്സി/ജിഎൻഎം നഴ്സിങ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. രണ്ട് വർഷ പ്രവൃത്തി പരിചയം ഉണ്ടാവണം. ഉയർന്ന പ്രായം: 40. അപേക്ഷിക്കേണ്ട അവസാന തീയതി മെയ് 12. വിവിധ വിഭാഗങ്ങളിൽ സ്ത്രീ നഴ്സുമാരുടെ ഒഴിവുമുണ്ട്. യോഗ്യത: ബിഎസ്സി/ പിബിബിഎസ്സി നഴ്സിങ്. ഒരു വർഷ പ്രവൃത്തി പരിചയം ഉണ്ടാവണം. അവസാന തീയതി മെയ് 12. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in കാണുക.



## സിആർപിഎഫിൽ 212 എസ്ഐ, എഎസ്ഐ

സെൻട്രൽ റിസർവ് പൊലീസ് ഫോഴ്സിൽ (സിആർപിഎഫ്) സിഗ്നൽ സ്റ്റാഫ് വിഭാഗത്തിൽ സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികകളിൽ 212 ഒഴിവുണ്ട്. റേഡിയോ ഓപ്പറേറ്റർ/ ക്രിപ്റ്റോ/ ടെക്നിക്കൽ/ സിവിൽ വിഭാഗത്തിലാണ് സബ് ഇൻസ്പെക്ടർ ഒഴിവ്. ടെക്നിക്കൽ/ ഡ്രോട്ട്സ്മാൻ വിഭാഗത്തിലാണ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഒഴിവ്. സബ് ഇൻസ്പെക്ടർ– 51 ഉം അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ –161 എന്നിങ്ങനെയാണ് അവസരം. വനിതകൾക്കും അപേക്ഷിക്കാം. സയൻസ്, എൻജിനിയറിങ് ബിരുദമുള്ളവർക്ക് എസ്ഐ തസ്തികയിലും പത്താംക്ലാസും ത്രിവത്സര ഡിപ്ലോമയുമുള്ളവർക്ക് എഎസ്ഐ തസ്തികയിലും അപേക്ഷിക്കാം. പ്രായം: എസ്ഐ 30 കവിയരുത്. എഎസ്ഐ18–25. കംപ്യൂട്ടർ അധിഷ്ഠിത എഴുത്തുപരീക്ഷ, ശാരീരിക ക്ഷമതാ പരീക്ഷ, വൈദ്യപരിശോധന എന്നിവയുണ്ടാവും. കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 21. വിശദവിവരങ്ങൾക്ക് https://rect.crpf.gov.in കാണുക.

## ഭാരത് ഇലക്ട്രോണിക്സിൽ 428 എൻജിനിയർ

ഭാരത് ഇലക്ട്രോണിക്സിൽ പ്രോജക്ട് എൻജിനിയർ, ട്രെയിനി എൻജിനിയർ വിഭാഗങ്ങളിലായി 428 ഒഴിവുണ്ട്. ഇലക്ട്രോണിക്സ് –164, മെക്കാനിക്കൽ –106, കംപ്യൂട്ടർ സയൻസ് –47, ഇലക്ട്രിക്കൽ–7, കെമിക്കൽ–1, എയറോസ്പേസ് എൻജിനിയറിങ് –2 എന്നിങ്ങനെയാണ് പ്രോജക്ട് എൻജിനിയർ l ഒഴിവുകൾ. ഇലക്ട്രോണിക്സ് –100, എയറോ സ്പേസ് എൻജിനിയറിങ് – 1 എന്നിങ്ങനെയാണ് ട്രെയിനി എൻജിനിയർ l അവസരം. ബിഇ/ ബിടെക്/ ബിഎസ്സി എൻജിനിയറിങ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായം പ്രോജക്ട് എൻജിനിയർ – 32, ട്രെയിനി എൻജിനിയർ –28. ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 18. വിശദവിവരങ്ങൾക്ക് www.bel–india.in കാണുക.

## നാഷണൽ ഹൗസിങ് ബാങ്കിൽ 40 ഓഫീസർ

ന്യൂഡൽഹിയിലെ നാഷണൽ ഹൗസിങ് ബാങ്കിൽ സീനിയർ പ്രോജക്ട് ഫിനാൻസ് ഓഫീസർ, പ്രോജക്ട് ഫിനാൻസ് ഓഫീസർ തസ്തികകളിൽ 40 ഒഴിവുണ്ട്. പ്രായം : സീനിയർ പ്രോജക്ട് ഫിനാൻസ് ഓഫീസർ 40 –59, പ്രോജക്ട് ഫിനാൻസ് ഓഫീസർ 35– 59. ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി മെയ് 13. വിശദവിവരങ്ങൾക്ക് www.nhb.org.in കാണുക.

## ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിൽ 328 അപ്രന്റിസ്

ഹൈദരാബാദിലെ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിൽ അപ്രന്റിസിന്റെ 328 ഒഴിവുണ്ട്. ഐടിഐ ട്രേഡ് അപ്രന്റിസിന്റെ 178ഉം ഗ്രാജ്വേറ്റ്സ്, ടെക്നീഷ്യൻ അപ്രന്റിസിന്റെ 150 ഉം ഒഴിവാണുള്ളത്.

ഇലക്ട്രോണിക്സ്, മെക്കാനിക്, ഫിറ്റർ, ഇലക്ട്രീഷ്യൻ, മെഷീനിസ്റ്റ്, ടർണർ, വെൽഡർ, റഫ്രിജറേഷൻ ആൻഡ് എസി, കോപ, പ്ലംബർ, വെയ്റ്റർ, ഡീസൽ മെക്കാനിക്, മോട്ടോർ വെഹിക്കിൾ മെക്കാനിക്, ഡ്രോട്ട്സ്മാൻ സിവിൽ, മെക്കാനിക്കൽ എന്നിവയാണ് ഐടിഐ അപ്രന്റിസ് ട്രേഡുകൾ. ഐടിഐ വിജയിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷകർ www.apprenticeshipindia.gov.in ൽ രജിസ്റ്റർ ചെയ്തിരിക്കണം. വാക്ക് ഇൻ മെയ് 17,18,19 തീയതികളിൽ ഹൈദരാബാദിലെ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിൽ.

എൻജിനിയറിങ് ഗ്രാജ്വേറ്റ്സ്– 74, ടെക്നീഷ്യൻ അപ്രന്റീസ്– 52, ജനറൽ സ്ട്രീം ഗ്രാജ്വേറ്റ്സ് അപ്രന്റീസ് –24 എന്നിങ്ങനെയാണ് ഗ്രാജ്വേറ്റ്സ്, ടെക്നീഷ്യൻ അപ്രന്റീസ് ഒഴിവുകൾ. വാക്ക് ഇൻ മെയ് 23, 24, 25 തീയതികളിൽ. വിശദവിവരങ്ങൾക്ക് www.hal–india.co.in കാണുക.

## ഐഎസ്ആർഒ

### 65 സയന്റിസ്റ്റ്/എൻജിനിയർ

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിൽ (ഐഎസ്ആർഒ) സയന്റിസ്റ്റ്/എൻജിനിയർ 'എസ്സി' തസ്തികയിൽ 65 ഒഴിവുണ്ട്. സയന്റിസ്റ്റ്/എൻജിനിയർ 'എസ്സി' സിവിൽ, ഇലക്ട്രിക്കൽ, റഫ്രിജറേഷൻ ആൻഡ് എയർകണ്ടീഷനിങ്, ആർകിടെക്ചർ വിഭാഗങ്ങളിലാണ് അവസരം. ബിടെക്/ ബിഇ 65 ശതമാനത്തിന് മുകളിൽ മാർക്കുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികൾ national career service portal ൽ രജിസ്റ്റർ ചെയ്തിരിക്കണം. അവസാന തീയതി മെയ് 24. വിശദവിവരങ്ങൾക്ക് www.isro.gov.in കാണുക.

### 206 അസിസ്റ്റന്റ്, ടെക്നീഷ്യൻ

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ (ഐഎസ്ആർഒ) വിവിധ കേന്ദ്രങ്ങളിൽ 206 ഒഴിവുണ്ട്. തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ 112 ഉം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പസ് സെന്ററിൽ 94 ഉം ഒഴിവുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ്, സയന്റിഫിക് അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ്, ടെക്നീഷ്യൻ – ബി, ഡ്രോട്ട്സ്മാൻ – ബി, റേഡിയോഗ്രാഫർ തസ്തികകളിലാണ് അവസരം. പ്രായം: 18 – 35, അപേക്ഷ ഓൺലൈനായി മെയ് 16 നകം നൽകണം. വിശദവിവരങ്ങൾക്ക് www.vssc.gov.in, www.app.sshar.gov.in കാണുക.



## 26 തസ്തികയിൽ പിഎസ്സി വിജ്ഞാപനം

26 തസ്തികയിൽ നിയമനത്തിന് പിഎസ്സി വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 10 എണ്ണത്തിൽ നേരിട്ടുള്ള നിയമനം. ഗസറ്റ് തീയതി 29.04.2023. കാറ്റഗറി നമ്പർ 29/2023 മുതൽ 55/2023 വരെ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. വിശദവിവരങ്ങൾക്ക് www.keralapsc.gov.in കാണുക.

തസ്തികകൾ:

**ജനറൽ റിക്രൂട്ട്മെന്റ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ സംഹിത, സംസ്കൃത ആൻഡ് സിദ്ധാന്ത, ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ(വിഷ), മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പിൽ സോയിൽ സർവേ ഓഫീസർ/ റിസർച്ച് അസിസ്റ്റന്റ്/ കാർട്ടോഗ്രാഫർ/ ടെക്നിക്കൽ അസിസ്റ്റന്റ്, കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) ജനറൽ ഫൗണ്ടേഷൻ കോഴ്സ്, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ലൈബ്രേറിയൻ ഗ്രേഡ് III, കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എൻജിനിയർ (ഇലക്ട്രിക്കൽ) (തസ്തിക മാറ്റം മുഖേന), ടൂറിസം വകുപ്പിൽ സ്റ്റി വാർഡ്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ലിമിറ്റഡിൽ അഗ്രിക്കൾച്ചറൽ ഓഫീസർ പാർട്ട് ഒന്ന് ജനറൽ കാറ്റഗറി, പാർട്ട് 2 (സൊസൈറ്റി കാറ്റഗറി), കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് ഫാർമസിസ്റ്റ്, കേരള വിനോദ സഞ്ചാര വികസന കോർപറേഷൻ ലിമിറ്റഡിൽ പ്ലംബർ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയിൽ ഇലക്ട്രീഷ്യൻ.

**ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)**

വിദ്യാഭ്യാസ വകുപ്പിൽ എൽപി സ്കൂൾ ടീച്ചർ (കന്നഡ മാധ്യമം) (തസ്തിക മാറ്റം വഴിയുള്ള നിയമനം).

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)**

വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് (പട്ടികജാതി പട്ടികവർഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം).

**എൻസിഎ വിജ്ഞാപനം സംസ്ഥാന തലം**

ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ(ജൂനിയർ) അറബിക്. കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ ലോവർ ഡിവിഷൻ ക്ലർക്ക്/ അക്കൗണ്ടന്റ്, കാഷ്യർ/ ക്ലർക്ക് കം അക്കൗണ്ടന്റ് / രണ്ടാം ഗ്രേഡ് അസിസ്റ്റന്റ്.

**ജില്ലാതലം**

വിദ്യാഭ്യാസ വകുപ്പിൽ എൽപി സ്കൂൾ ടീച്ചർ(കന്നഡ മാധ്യമം), പട്ടികജാതി വികസന വകുപ്പിൽ ഫീമെയിൽ വാർഡൻ, വിദ്യാഭ്യാസ വകുപ്പിൽ പാർട്ട്ടൈം ഹൈസ്കൂൾ ടീച്ചർ(അറബിക്), പട്ടികജാതി വികസന വകുപ്പിൽ കുക്ക്, എൻസിസി/ സൈനിക ക്ഷേമ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്(വിമുക്തഭടന്മാർ മാത്രം), ജില്ലാ സഹകരണ ബാങ്കിൽ ഡ്രൈവർ (സൊസൈറ്റി ക്വാട്ട), പ്യൂൺ / വാച്ച്മാൻ.

## ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ ജൂനിയർ മാനേജർ (ഇൻഫർമേഷൻ മാനേജ്മെന്റ്) (കാറ്റഗറി നമ്പർ 142/2020).

വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിങ്) (കാറ്റഗറി നമ്പർ 06/2022).

സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ (കാറ്റഗറി നമ്പർ 123/2021).

കിർത്താഡ്സിൽ സ്റ്റാറ്റിസ്റ്റീഷ്യൻ (കാറ്റഗറി നമ്പർ 255/2022).

### സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡിൽ സെക്യൂരിറ്റി ഗാർഡ് കം പമ്പ് ഓപ്പറേറ്റർ (കാറ്റഗറി നമ്പർ 656/2021).

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ ഓവർസിയർ (കാറ്റഗറി നമ്പർ 68/2021).

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് (പട്ടികജാതി/പട്ടികവർഗം) (കാറ്റഗറി നമ്പർ 508/2022).

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 313/2022).

### പ്രമാണ പരിശോധന

ആരോഗ്യ വകുപ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ (കാറ്റഗറി നമ്പർ 648/2021) തസ്തികയിലേക്ക് മെയ് ഒമ്പതിന് രാവിലെ 10.30ന് പിഎസ് സി ആസ്ഥാന ഓഫീസിൽ പ്രമാണപരിശോധന നടത്തും.

### ഒഎംആർ പരീക്ഷ

പ്ലസ്ടു തല മുഖ്യപരീക്ഷ 2022 ന്റെ ഭാഗമായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ (കാറ്റഗറി നമ്പർ 44/2021, 45/2021, 693/2021 തുടങ്ങിയവ) തസ്തികയിലേക്ക് മെയ് ഒമ്പതിന് രാവിലെ 10.30

മുതൽ 12.30 വരെ ഒഎംആർ പരീക്ഷ നടത്തും.

## IT Kerala — company / job title / closing date

### തിരുവനന്തപുരം ടെക്നോപാർക്ക്

**HYZ Ventures Intl Pvt. Ltd.**
Marketing Executive മെയ് 10, UI/UX Designer മെയ് 23, Sales and Marketing Executive മെയ് 24.

**Alamy Images India Pvt. Ltd.**
Non Voice Customer Support, Trainee Data Analyst മെയ് 11.

**Skywalk Global India Pvt. Ltd.**
Junior QA Engineer, Associate software engineer Freshers മെയ് 15.

**SJS Business Solution Pvt. Ltd.**
Software Developer മെയ് 12, PHP Developer മെയ് 18.

**Feathersoft Info Solutions Pvt. Ltd.**
Golang Developer, Angular Lead മെയ് 10.

**Infospica Consultancy Services**
Kafka Developer Onsite/Baharain, React Developer മെയ് 13, React Native മെയ് 17, Android Developer മെയ് 19.

**Smarthms & Solutions Pvt. Ltd.**
Digital Marketing Executive, DevOps/CI/CD Engineer മെയ് 21, PHP Developer Lead മെയ് 20.

**PIT Solutions Pvt. Ltd.**
Net Lead Software Engineer, Senior Business Analyst, Sr. Database Developer, Software Engineer / Senior Software Engineer .NET, Front End Developer (Vue.JS), Senior Odoo Developer (Location UAE), Java Developer, PHP Developer, Software Developer / Senior Flutter മെയ് 10.

**വിശദവിവരങ്ങൾക്ക്**
**https://www.technopark.org/job search**

### കൊച്ചി ഇൻഫോ പാർക്ക്

**Phases India Technology Solutions Pvt. Ltd.**
Junior Techno Functional consultant, Word Press Developer മെയ് 16.

**HashRoot Ltd**
Business Development Intern, Talent Acquisition Intern മെയ് 15.

**GALTech Technologies Pvt. Ltd.**
Junior Business Development Executive (MBA Freshers), Senior Digital Marketing Executive, Telecalling/ Telemarketing Executive, Videographer cum Video Editor, Laravel Developer, Front End Developer, Business Development Executive/ Lead Generation Executive (IT/ ITES), Python Development Internship, Full Stack Web Development Internship, Digital Marketing Internship മെയ് 9.

**Amplitude Software Systems Pvt. Ltd.**
Enterprise Software Sales Executives, Devops Engineer, Sales Executive, Sr. Dot Net Developer, Junior Dot Net Developers മെയ് 18.

**Mozilor Technologies Pvt. Ltd.**
Node.js Developer, PHP Developer, Product Owner മെയ് 23.

**Accruon Technologies Pvt. Ltd.**
Marketing Executive (Preferring Freshers), Tele Marketing Executive, ERP Functional Analyst (2+years), Business Development Manager – IT (4+years), Magento Developer (2 +Years) മെയ് 22.

**വിശദവിവരങ്ങൾക്ക്**
**https://infopark.in/companies/job search**